LIBRARY ARCHIVES Kerala Legislative Assembly

ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

156 (3927) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ദുരന്ത നിവാരണ മേഖലയിൽ ജോലി നോക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ ;

(സി) ദുരന്ത നിവാരണത്തിൽ മാസ്റ്റർ ബിരുദം നേടിയവർക്ക് എന്തെങ്കിലും പരിഗണന ഇതിനായി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരെകൂടി ഉൾപ്പെടുത്തി ഈ മേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ദുരന്ത നിവാരണത്തിൽ മാസ്റ്റർ ബിരുദം ഉള്ള എത്ര പേർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2005-ൽ പാർലമെന്റ് അംഗീകരിച്ച കേന്ദ്ര ദുരന്തനിവാരണ നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ളതുപ്രകാരം സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 4-5-2007-ലെ സ.ഉ.(പി) നം.154/07/ഡി.എം.ഡി. ഉത്തരവുപ്രകാരം മുഖ്യമന്ത്രി ചെയർമാനും റവന്യൂ വകുപ്പുമന്ത്രി വൈസ് ചെയർമാനും ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് സെക്രട്ടറി കൂടാതെ ദുരന്തനിവാരണ രംഗത്തെ വിദഗ്ധർ എന്നിവർ അംഗങ്ങളായുമാണ് ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. ദുരന്ത നിവാരണ അതോറിറ്റിയുടെ ഓഫീസ് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് അപകടലഘൂകരണം ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, ദുരന്ത ഫലങ്ങളുടെ ഗുരുതരാവസ്ഥ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക, ദുരന്തങ്ങളെ നേരിടുന്നതിനുള്ള കരുത്ത് ആർജ്ജിക്കുക, അവയെ നേരിടാനും തരണം ചെയ്യാനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക, അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ദുരന്തനിവാരണ നയത്തിന് രൂപം നൽകിയിട്ടുള്ളതും സംസ്ഥാന സർക്കാർ ദുരന്തനിവാരണ നയത്തിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ നയം നടപ്പാക്കുന്നതോടുകൂടി സ്ഥിരം ദുരന്തമുണ്ടാകുന്ന സെൻസിറ്റീവ് ഏരിയകൾ തിരിച്ചറിഞ്ഞ് ദുരന്തനിവാരണ

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുന്നതാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിലുള്ള ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കളക്ട്രേറ്റുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കേരളത്തിലെ 9 തീരദേശ ജില്ലകൾക്കായുള്ള Early Warning System UNDP-യുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും അറിയിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ശാസ്ത്രീയമായി ലഭ്യമാകുന്നതാണ്. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ പൈലറ്റ് പ്രോജക്ടായി കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നുംവീതം സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രാസവസ്തുക്കൾ മൂലമുണ്ടാകുന്ന ദുരന്തങ്ങളെ ചെറുക്കുന്നതിനായി സംസ്ഥാനതല വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഈ രംഗത്ത് പഠനങ്ങൾ നടത്തിയ പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാലയിലെ നിരീക്ഷണങ്ങൾ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ സഹായകമാകും. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ദുരന്തനിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായുള്ള പ്രവർത്തനങ്ങളും അതോറിറ്റിയുടെ പരിഗണനയിലുണ്ട്. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭാണകൂടത്തെ സഹായിക്കുന്നതിലേയ്ക്കായി യുവകർമ്മ സേനകൾ ഓരോ പഞ്ചായത്തിലും രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നു. ദുരന്തനിവാരണ രംഗത്ത് മാധ്യമങ്ങളുടെ പ്രാധാന്യം പരിഗണിച്ച് അച്ചടി മാധ്യമങ്ങളിലെയും ദൃശ്യമാധ്യമങ്ങളിലെയും പത്രപ്രവർത്തകർക്ക് മാധ്യമ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ദുരന്തനിവാരണത്തിൽ മാസ്റ്റർ ബിരുദം നേടിയവർക്ക് നിലവിൽ പരിഗണന നൽകിയിട്ടില്ല. ദുരന്തനിവാരണത്തിൽ മാസ്റ്റർ ബിരുദം നേടിയവരെക്കൂടി പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) ഇപ്പോൾ സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനം ഏകോപിപ്പിക്കുന്നത് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയാണ്. ദുരന്തനിവാരണത്തിൽ മാസ്റ്റർ ബിരുദമുള്ളവർ ഇപ്പോൾ അതോറിറ്റിയിൽ ജോലി നോക്കുന്നില്ല.

2308/12

LIBRARY ARCHIVES Kerala Legislative Assembly